# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 131 28.6.2016 - ൽ മറുപടിയ്ക്ക്

## ആരോഗ്യകേരളം പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. എസ്. ശിവകുമാർ<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ. എൽദോസ് കുന്നപ്പിള്ളി<br>ശ്രീ. അടൂർ പ്രകാശ് | | ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ മന്ത്രി) | |
| എ) | സംസ്ഥാനത്ത് ആരോഗ്യകേരളം പദ്ധതി നടപ്പാക്കി വരുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ; | എ) | സംസ്ഥാനത്ത് ആരോഗ്യകേരളം പദ്ധതി നടപ്പാക്കി വരുന്നുണ്ട്. |
| ബി) | പ്രസ്തുത പദ്ധതിയിലൂടെ എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് കൈവരിക്കാൻ ഉദ്ദേശിച്ചത്; | ബി) | കേരളത്തിലെ പൊതുജനാരോഗ്യ മേഖലയെ ശക്തിപ്പെടുത്തുന്നതിനും ഗ്രാമീണ ആരോഗ്യ മേഖലയിലെ ആരോഗ്യ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനുമായി ദേശീയ ഗ്രാമീണ ആരോഗ്യ പദ്ധതിയിൻകീഴിൽ 2007 മുതൽ ആരോഗ്യകേരളം പദ്ധതി കേരളത്തിൽ നടപ്പിലാക്കി വരുന്നു. പദ്ധതിയുടെ ആദ്യഘട്ടം 2011 – 12 സാമ്പത്തിക വർഷം അവസാനിച്ചു. രണ്ടാം ഘട്ടം 2012 സാമ്പത്തിക വർഷം മുതൽ കേരളത്തിൽ സമഗ്രമായി നടപ്പിലാക്കി വരുന്നു.<br>ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യം കേരളത്തിലെ ആരോഗ്യ മേഖലയിലെ ഉയർച്ചയ്ക്ക് ഉൾപ്രേരകമായി പ്രവർത്തിക്കുന്നുണ്ട്. ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യം തുടങ്ങിവച്ച പ്രവർത്തനങ്ങൾ ആശാവഹവും ഫലപ്രദവുമാണ്.<br>സംസ്ഥാനത്തു എൻ. എച്ച്. എം പദ്ധതികൾ നടപ്പിലാക്കുന്നതിന് വേണ്ടി കേന്ദ്ര സർക്കാർ ഗ്രാന്റ് ഇൻ എയ്ഡ് ആയിട്ടാണ് ധനസഹായവും സംസ്ഥാന സൊസൈറ്റിക്ക് നൽകുന്നത്. ജില്ലകളിലെ പ്രവർത്തനം നടപ്പിലാക്കാൻ ജില്ലാ ആരോഗ്യകുടുംബക്ഷേമ സൊസൈറ്റി രൂപീകരിച്ചു പ്രവർത്തിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | | | സംസ്ഥാനത്തെ പൊതുജനാരോഗ്യ സ്ഥാപനം വഴിയാണ് എൻ. എച്ച്. എം പരിപാടികൾ നടപ്പിലാക്കി വരുന്നത്.<br>ഇതിനു പുറമേ നഗരാരോഗ്യ പദ്ധതിയും കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ നടപ്പിലാക്കി വരുന്നുണ്ട്. |
| സി) | പ്രസ്തുത പദ്ധതിയിലൂടെ എന്തെല്ലാം ധനസഹായമാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ; | സി) | ആരോഗ്യകേരളം പദ്ധതി പ്രധാനമായും നൽകുന്ന ധനസഹായങ്ങൾ താഴെ പറയുന്നവയാണ്.<br>1. ജനനി സുരക്ഷയോജന: ഗ്രാമീണ മേഖലയിൽ പ്രസവിക്കുന്ന സ്ത്രീകൾക്ക് 700 രൂപയും നഗര പ്രദേശത്ത് പ്രസവിക്കുന്നവർക്ക് 600 രൂപയും ധനസഹായം നൽകുന്നു.<br>2. വന്ധ്യംകരണത്തിനുള്ള നഷ്ട പരിഹാരം: സ്ത്രീകൾക്ക് 1000/- രൂപ വരെയും പുരുഷന്മാർക്ക് 1500/- രൂപ വരെയും<br>3. പ്രസവത്തിനായി ആശുപത്രിയിലേക്കും തിരിച്ചും പോകുന്നതിനുള്ള ധനസഹായം 500/- രൂപ വരെ. |
| ഡി) | പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്; വിശദമാക്കുമോ? | ഡി) | പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ഭരണതലത്തിൽ, സംസ്ഥാനതലത്തിൽ സ്റ്റേറ്റ് മിഷൻ ഡയറക്ടറും, ജില്ലാ തലത്തിൽ ജില്ലാ പ്രോഗ്രാം മാനേജർമാരും നിലവിൽ ഉണ്ട്. |

P [signature]

സെക്ഷൻ ഓഫീസർ